# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വ്യവസായ മേഖലയിലെ കേന്ദ്ര നിക്ഷേപം**

**3799**

**ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2010-2011 മാർച്ച് 31 വരെ കേരളത്തിലെ വ്യവസായ മേഖലയിൽ കേന്ദ്രനിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2006 മാർച്ച് 31 ൽ സംസ്ഥാനത്തെ വ്യവസായ മേഖലയിൽ ആകെ കേന്ദ്ര നിക്ഷേപം എത്രയെന്നും വ്യക്തമാക്കുമോ;

(സി) 2007-08, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തേയും വ്യവസായ രംഗത്തെ കേന്ദ്ര നിക്ഷേപം എത്രയെന്നും ഓരോ വർഷവും എത്ര ശതമാനം വീതം വർദ്ധനവ് കേന്ദ്രനിക്ഷേപത്തിൽ ഉണ്ടായെന്നും വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റിന്റെ ഒരു വർഷക്കാലത്തെ പ്രവർത്തനത്തിൽ സംസ്ഥാനത്തെ വ്യവസായ രംഗത്ത് കേന്ദ്ര നിക്ഷേപം എത്ര കണ്ടു വർദ്ധിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് കേന്ദ്ര നിക്ഷേപം ലഭിച്ചതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭങ്ങൾ**

**3800 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പരിസ്ഥിതിക്ക് ഇണങ്ങുന്ന പുതിയ വ്യവസായ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിന് പദ്ധതികളാവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം മേഖലയിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മാവൂർ ഗ്വാളിയർ റയോൺസിന്റെ ഭൂമിയിൽ പരിസ്ഥിതിക്ക് ഇണങ്ങുന്ന വ്യവസായ സംരംഭം ആരംഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പുതിയ വ്യവസായ സ്ഥാപനങ്ങൾ**

3801 **ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ യേതെന്നും അവയുടെ പ്രവർത്തന സ്വഭാവവും വ്യക്തമാക്കാമോ ;;

(സി) കഴിഞ്ഞ ഗവർമെന്റിലെ കാലത്ത് പ്രവർത്തനം ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രൊക്യൂർമെന്റ് സംവിധാനം**

3802 ശ്രീ. കെ. ശിവദാസൻ നായർ
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ പ്രൊക്യൂർമെന്റ് സംവിധാനം സുതാര്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ഇൻഡിപെന്റന്റ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനുളള പാനൽ തയ്യാറാക്കുന്നതിനുളള നടപടികൾക്ക് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുളളത് എന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>ഓരോ നിയോജക മണ്ഡലത്തിലും</u>**
**<u>ഒരു വ്യവസായ കേന്ദ്രം</u>**

**3803** **ശ്രീ. റ്റി. യു. കുരുവിള**
**,, സി. എഫ്. തോമസ്**

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

**(എ)** **സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലത്തിലും ഓരോ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;**

**(ബി)** **ഇത്തരത്തിൽ ആരംഭിക്കുന്ന വ്യവസായ കേന്ദ്രങ്ങൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തി വ്യവസായ വികസനം സാദ്ധ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പ്രത്യേക സാമ്പത്തികമേഖല**

3804 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രത്യേക സാമ്പത്തിക മേഖല അനുവദിക്കുന്നതിനായി കേരളം എത്ര അപേക്ഷകൾ നൽകിയിട്ടുണ്ട്;**

(ബി) **അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി**

3805 **ശ്രീ. എം. ഹംസ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിപുലീകരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി 2012-13 വർഷത്തെ പദ്ധതിയിൽ എത്ര തുകയാണ് വകകൊളളിച്ചിരിക്കുന്നത്; അനുവദിച്ച തുക പര്യാപ്തമാണോ; അല്ലെങ്കിൽ എത്ര തുക വർദ്ധിപ്പിക്കുമെന്ന് വിശദീകരിക്കാമോ;

(സി) കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി എന്ന അടിസ്ഥാന വികസന പദ്ധതി വിപുലമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം**

3806 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മുൻ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച 8 പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;**

(ബി) **പ്രവർത്തിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നു വ്യക്തമാക്കുമോ ?**

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഉൽപാദനമേഖലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

3807 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഉൽപാദന മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര എണ്ണമാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ലാഭത്തിലായിരുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിലായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>പൊതുമേഖലായൂണിറ്റുകളുടെ ഉൽപ്പാദന പ്രവർത്തനങ്ങൾ</u>

3808 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സ്ഥാപിച്ച പുതിയ പൊതുമേഖലാ യൂണിറ്റുകളിൽ ഉൽപ്പാദന പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള ഉൽപ്പാദനം എന്നു മുതൽ ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>എമർജിംഗ് കേരളയിലൂടെ സ്ഥാപിതമാകുന്ന വ്യവസായങ്ങൾ</u>**

T3809 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിലൂടെ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന വ്യവസായങ്ങൾ പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ മാത്രമാകണമെന്ന നിബന്ധന പാലിക്കുവാൻ ശ്രമിക്കുമോ;

(ബി) കാർബൺ എമിറ്റിംഗ് വ്യവസായങ്ങൾ ഇന്ത്യയിലേക്കെത്തിക്കുവാനുള്ള ശ്രമങ്ങൾ വികസിത രാജ്യങ്ങളിൽ നടക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കെ.എസ്.ഐ.ഡി.സി.യുടെ സാമൂഹ്യക്ഷേമ പദ്ധതി</u>**

3810 **ശ്രീ. എ. എ. അസീസ്**
**,, കോവൂർ കുഞ്ഞുമോൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സി സംസ്ഥാനത്തെ നിർദ്ധനരായ പെൺകുട്ടികളുടെ പഠന ചെലവ് ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഈ പദ്ധതി പ്രകാരം ലഭ്യമാക്കുക;

(ഡി) പ്രസ്തുത പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണം</u>**

3811 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**
**,, കെ.കെ. ജയചന്ദ്രന്‍**
**,, കെ. രാധാകൃഷ്ണന്‍**
**ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ നല്‍കുവാന്‍ സര്‍ക്കാര്‍ തയ്യാറാകുമോ;

(ബി) പ്രസ്തുത മേഖല ആധുനികവല്‍ക്കരിക്കുന്നതിനും തൊഴിലാളികള്‍ക്ക് മാന്യമായ വേതനം ഉറപ്പാക്കുന്നതിനും പുതുതായി എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നടപ്പുവര്‍ഷത്തെ ബജറ്റില്‍ ഇതിനായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം എത്രയാണെന്ന് മേഖല തിരിച്ച് വെളിപ്പെടുത്തുമോ; എത്ര തുക വീതം ഓരോ മേഖലയിലും ഇതിനകം ചെലവഴിക്കുകയുണ്ടായി;

(ഡി) പരമ്പരാഗത വ്യവസായരംഗത്ത് ഇപ്പോള്‍ തൊഴിലെടുക്കുന്നവരെ സംബന്ധിച്ച മേഖല തിരിച്ച കണക്കുകള്‍ ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**കിൻഫ്രാ വ്യവസായ പാർക്കിന് ഭൂമി**

3812 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 4(1) നോട്ടിഫിക്കേഷൻ സംബന്ധിച്ച ഹൈക്കോടതി സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;**

(ബി) **എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ ?**

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കണ്ണൂരിൽ കിൻഫ്രയുടെ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി**

3813 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ; പാർക്കിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്**

3814 **ശ്രീ. രാജു എബ്രഹാം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) റാന്നിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക് തുടങ്ങുന്നത് എന്നാണ് പ്രഖ്യാപിച്ചത്;

(ബി) ഇതിനായി റവന്യൂ വകുപ്പു മുഖേന പമ്പ ഇറിഗേഷൻ പ്രോജക്ടിൽ നിന്നും എത്ര ആർ സ്ഥലമാണ് വിട്ടുകിട്ടിയിട്ടുള്ളത്;

(സി) ഇതിന് ഒരു വർഷം എത്ര രൂപയാണ് കിൻഫ്ര പാട്ടത്തുകയായി അടയ്ക്കേണ്ടത്;

(ഡി) ആദ്യതവണത്തെ പാട്ടത്തുക അടയ്ക്കുന്നതിനായി റാന്നി തഹസീൽദാരുടെ കത്ത് എന്നാണ് കിൻഫ്രയ്ക്ക് ലഭിച്ചത്; ഈ തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടയ്ക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) പാട്ടത്തുകയടയ്ക്കുന്നതു സംബന്ധിച്ച് റാന്നി തഹസീൽദാരുടെ ആഫീസിൽ നിന്നും ഓർമ്മക്കുറിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഈ പദ്ധതി നടപ്പാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) ഇവിടെ കെട്ടിടം പണിയുന്നതിനാവശ്യമായ ഫണ്ട് കിൻഫ്രയ്ക്ക് കൈമാറിയിട്ടും, ആദ്യ വർഷം പാട്ടത്തുക അടച്ചിട്ടും, ഈ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇതിന്റെ ഉത്തരവാദി ആരാണ് ;

# കേരള നിയമസഭ

## 26.06.2012 -ലെ മറുപടിക്ക്

(എച്ച്) പദ്ധതി കാലാതാമസം കൂടാതെ നടപ്പാക്കുമെന്ന് നിയമസഭയിൽ റാന്നി നിയോജക മണ്ഡലത്തിലെ നിയമസഭാംഗത്തിന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടും, ഈ ഉറപ്പ് നടപ്പാക്കാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; ഇതിന് ഉത്തരവാദികളാരാണ്; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഐ) പദ്ധതിയുടെ നിർമ്മാണം കാലതാമസമില്ലാതെ ആരംഭിച്ചു പൂർത്തീകരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### ചാലിയ ഫിഷ്‌ലാന്റിംഗ് സെന്റർ

3815

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ചാലിയത്ത് ഫിഷ്‌ലാന്റിംഗ് സെന്റർ സ്ഥാപിക്കാനുളള കിൻഫ്രയുടെ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വനം വകുപ്പിന്റെ അധീനതയിലുളള ചാലിയത്തെ ഭൂമി, ഈ പദ്ധതിക്കായി വിട്ടുകിട്ടിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്ന് ഭൂമി കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ബേപ്പൂര്‍ മറൈന്‍ പാര്‍ക്ക്**

3816 **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ബേപ്പൂര്‍ മറൈന്‍ പാര്‍ക്ക് പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയില്‍ ഏതെങ്കിലും സംരംഭകര്‍ക്ക് പ്രവര്‍ത്തനം ആരംഭിക്കാന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മറൈന്‍ പാര്‍ക്ക് പദ്ധതി സംബന്ധിച്ച് തയ്യാറാക്കിയ രൂപരേഖ വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കൈത്തറി മേഖലയ്ക്ക് റിവൈവല്‍ - റിഫോം - റീസ്ട്രാക്ചറിംഗ് പാക്കേജ്**

3817 **ഡോ. എന്‍. ജയരാജ്**
**ശ്രീ. റോഷി അഗസ്റ്റിന്‍**
**,, പി. സി. ജോര്‍ജ്**
**,, എം. വി. ശ്രേയാംസ് കുമാര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രം കൈത്തറി മേഖലയ്ക്ക് പ്രഖ്യാപിച്ച റിവൈവല്‍ - റിഫോം - റീസ്ട്രക്ചറിംഗ് പാക്കേജിന്റെ ആനുകൂല്യങ്ങള്‍ സംസ്ഥാനത്തെ കൈത്തറി മേഖലയ്ക്ക് ലഭിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സര്‍ക്കാരിന്റെ മാര്‍ഗ്ഗ നിര്‍ദ്ദേശം അനുസരിച്ചുള്ള പ്രസ്തുത പാക്കേജിലെ ആനുകൂല്യങ്ങള്‍ കേരളത്തിലെ കൈത്തറി മേഖലയ്ക്കു ലഭ്യമാക്കണമെങ്കില്‍ വയബിള്‍ അല്ലെങ്കില്‍ പൊട്ടന്‍ഷ്യലി വയബിള്‍ വിഭാഗത്തില്‍ ഉള്‍പ്പെട്ടതായിരിക്കണമെന്ന വ്യവസ്ഥ കൊണ്ട് അര്‍ത്ഥമാക്കുന്നത് എന്താണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സംഘങ്ങള്‍, അപ്പക്സ് സംഘം, സ്വകാര്യ നെയ്ത്തുകാര്‍, കൈത്തറി നെയ്ത്തുഗ്രൂപ്പുകള്‍ എന്നിവയ്ക്ക് പ്രസ്തുത പാക്കേജിന്റെ അനുകൂല്യങ്ങള്‍ ലഭിക്കുന്നതിന് എന്‍. ഐ. എം. ആര്‍. സി. യിലെ കേരളത്തിന്റെ പ്രതിനിധികള്‍ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കശുവണ്ടി വ്യവസായ സംരക്ഷണം**

3818 ശ്രീ. എം. എ. ബേബി
,, പി. കെ. ഗുരുദാസൻ
,, ജെയിംസ് മാത്യു
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കശുവണ്ടി കയറ്റുമതി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) കശുവണ്ടി ഉല്പാദനവർദ്ധനവിനായി കശുമാവ് തോട്ടങ്ങൾ നട്ടു പിടിപ്പിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) നിർദ്ദിഷ്ട കശുവണ്ടി ബാങ്ക് രൂപീകരണത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ പ്രവർത്തനം എപ്രകാരമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**എമർജിംഗ് കേരളയിൽ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം**

3819 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനു മുമ്പ് അനുമതി ലഭിച്ച സംരംഭകരെ സർക്കാരിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായ പദ്ധതികൾക്ക് മാത്രമേ അനുമതി നൽകുകയുള്ളൂ എന്ന കാര്യം പരിഗണിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് കമ്പനി**

3820 **ഡോ. ടി. എം.തോമസ് ഐസക്**
**ശ്രീ. കെ. സുരേഷ് കുറുപ്പ്**
**,, സാജു പോൾ**
**,, സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കെ. എസ്. ഐ. ഡി. സി.യും ജി. ഐ. എൽ.ഉം ചേർന്നുള്ള കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് കമ്പനിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;**

(ബി) **ഈ കമ്പനിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;**

(സി) **പട്ടണങ്ങളിലെ ഇന്ധനവാതക വിതരണ ചുമതല പ്രസ്തുത സ്ഥാപനത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ;**

(ഡി) **സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ എന്ത് തുക വകയിരുത്തിയിട്ടുണ്ട്; എന്നത്തേക്ക് പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ബേപ്പൂർ രാമനാട്ടുകര അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്**

**3821 ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിൽ രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**<u>നാദാപുരം വികസന പദ്ധതി</u>**

**3822 ശ്രീ. ഇ. കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം ചെക്യാട് ഗ്രാമപഞ്ചായത്തിലെ അരീക്കര കുന്നിൽ ആരംഭിച്ചിട്ടുള്ള നാദാപുരം വികസന പദ്ധതിക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ:

(ഡി) ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിശദമാക്കാമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ചേർത്തല താലൂക്കിൽ ഓൺലൈൻ മുഖേന മണലിന് അപേക്ഷിച്ചവർ**

3823 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണാവശ്യത്തിന് ഓൺലൈൻ വഴി അപേക്ഷ നൽകി കുറഞ്ഞ വിലയ്ക്ക് മണൽ നൽകുന്ന പദ്ധതിയനുസരിച്ച് ചേർത്തല താലൂക്കിൽ എത്രപേർക്ക് മണൽ നൽകിയെന്ന് പറയാമോ ;

(ബി) 2012 മെയ് 2 മുതൽ മണൽ വിതരണത്തിന് പാസ് ലഭിച്ച് മണൽ എടുക്കുന്നതിന് വാടക ലോറികളുമായി വിതരണ കേന്ദ്രങ്ങളിലെത്തിയവർക്ക് മണൽ ലഭിക്കാതെ മടങ്ങിപ്പോരേണ്ടിവന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ഗുണഭോക്താക്കൾക്കുണ്ടായ സാമ്പത്തിക നഷ്ടം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**<u>കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ്</u>**

3824 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചേർത്തലയിൽ പള്ളിപ്പുറത്തു പ്രവർത്തിച്ചിരുന്ന കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് വീണ്ടും തുറന്നു പ്രവർത്തിക്കുന്നതിനും അതിലെ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിനും ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഈ സ്ഥാപനം കെ.എസ്.ഐ.ഡി.സി ക്ക് കൈമാറിയത് എന്തിനായിരുന്നുവെന്നും പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈകൊണ്ടുവെന്നും വ്യക്തമാക്കുമോ;

(സി) കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് എന്ന സ്ഥാപനത്തിൽ അവശേഷിക്കുന്ന സൗകര്യങ്ങളും തൊഴിലാളികളെയും വിനിയോഗിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്താവുന്ന ഒരു പുതിയ സംരംഭം ആരംഭിക്കുവാൻ സർക്കാർ തയ്യാറാവുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ചവറ ഐ. ആർ. ഇ. യിലെ സി. ബി.ഐ റെയ്ഡ്</u>

3825 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചവറ ഐ. ആർ. ഇ. യിൽ സി. ബി. ഐ. റെയ്ഡ് നടന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ കമ്പനിയായ സി. എം. ആർ. എല്ലിന് നൽകുന്നതിനെക്കാൾ കൂടി തുകയ്ക്കാണ് പൊതുമേഖലാസ്ഥാപനമായ
കെ. എം. എം. എല്ലിന് ഐ. ആർ. ഇ കരിമണൽ നൽകുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിലൂടെ എത്ര കോടി രൂപയാണ് കെ. എം. എം. എൽ അധികമായി ഐ. ആർ. ഇ.യ്ക്ക് നൽകിയതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കുട്ടനാട്ടിലെ റാണി-ചിത്തിര കായലുകളിൽ നിന്നും ട്രാവൻകൂർ സിമന്റ്സ് ന്റെ കക്ക ഖനനം**

**3826 ശ്രീ. തോമസ് ചാണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ റാണി-ചിത്തിര കായലുകളിൽ നിന്നും ട്രാവൻകൂർ സിമന്റ്സ് എന്ന സ്ഥാപനം കക്ക ഖനനം ചെയ്ത് എടുത്തത് ഏത് ഉത്തരവിന്റെ/എഗ്രിമെന്റിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഉത്തരവിന്റെ/എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) സർക്കാർ അധീനതയിലുള്ള ഭൂമിയിൽ മാത്രമാണോ ഖനനം നടത്തുന്നതിന് ട്രാവൻകൂർ സിമന്റ്സിന് അനുമതി നൽകിയിരുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഖനനം ചെയ്തതിനുശേഷം പ്രസ്തുത പ്രദേശങ്ങൾ പൂർവ്വ സ്ഥിതിയിൽ ആക്കണമെന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരുന്നോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ചെറുവണ്ണൂർ സ്റ്റീൽ കോംപ്ളക്സ് സെയ്ൽ സംയുക്ത സംരംഭം**

**3827** **ശ്രീ. എളമരം കരീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ സ്റ്റീൽ കോംപ്ളക്സ് സെയ്ൽ സംയുക്ത സംരംഭത്തിന്റെ സ്ഥാപനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) റീ റോളിംഗ് മിൽ സ്ഥാപിക്കാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) സംയുക്ത സംരംഭം ആരംഭിച്ചതിന് ശേഷം 2011-12 സാമ്പത്തിക വർഷത്തിൽ സെയിൽ എത്ര പണം ചെറുവണ്ണൂർ സ്റ്റീൽ കോംപ്ളക്സിൽ മുടക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കൊടുവള്ളി കട്ടിപ്പാറ പഞ്ചായത്തിലെ വ്യവസായ ഭൂമി കൈമാറ്റം**

**3828 ശ്രീ. വി. എം. ഉമ്മർമാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് രാരോത്ത് വില്ലേജിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള 20 ഏക്കർ ഭൂമി തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു സർക്കാർ ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനായി പ്രസ്തുത ഭൂമി കൈമാറാൻ സന്നദ്ധമാണോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### കണ്ണാടി പഞ്ചായത്തിലെ മീറ്റർ കമ്പനി

3829 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണാടി പഞ്ചായത്തിലെ മീറ്റർ കമ്പനി അടച്ചുപൂട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടച്ചുപൂട്ടിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ മെഷിനറികൾ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലേക്ക് മാറ്റിയിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തിലേക്കാണ് മാറ്റിയത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വ്യവസായ വാണിജ്യവകുപ്പിലെ ഒഴിവുള്ള തസ്തികകൾ</u>

3830 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യവകുപ്പിൽ അസിസ്റ്റന്റ് ഡിസ്ട്രിക്ട് ആഫീസർ, അസിസ്റ്റന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകളിൽ നിലവിൽ ഏതെല്ലാം ഒഴിഞ്ഞു കിടക്കുന്നു ; ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചുവോ ;

(സി) 2012 മേയ് മാസത്തിൽ റിട്ടയർ ചെയ്ത ഒഴിവുകൾ ഏതെങ്കിലും പ്രൊമോഷൻ മുഖേന നികത്തിയോ ; വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം പ്രെമോഷൻ ലഭിച്ചവർക്ക് റിലിൻക്യൂഷ്മെന്റിനുള്ള കാലാവധി അനുവദിച്ചിട്ടാണോ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഓഫീസർ എന്നീ തസ്തികകളിൽ ഉള്ളവർക്ക് പ്രൊമോഷൻ നല്കിയത് ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### കരിമണല്‍ ഖനനം

3831 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പില്‍ നിന്നും കരിമണല്‍ ഖനനത്തിനായി അനുമതി നല്‍കുമ്പോള്‍ ഖനനം നടത്തുന്ന ഭാഗം മണ്ണിട്ടു നിരപ്പാക്കണമെന്ന് നിബന്ധന നല്‍കിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിബന്ധന നല്‍കിയിട്ടുണ്ടെങ്കില്‍ ആയവ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ;

(സി) പരിശോധന നടത്തുന്നുണ്ടെങ്കില്‍ വൈക്കം മണ്ഡലത്തിലുള്‍പ്പെട്ട പഞ്ചായത്തുകളിലെ പ്രദേശങ്ങളില്‍ ഖനനസ്ഥലത്തെ കുഴികള്‍ നികത്താതെ കിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം നികത്താതെ കിടക്കുന്ന എത്ര കുഴികള്‍ വീതം വൈക്കം മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും കണ്ടെത്തിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഇ) ഇവ നികത്തുന്നതിന് എന്തു നടപടികളാണ് കൈക്കൊള്ളാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>മണൽ സംഭരണ കേന്ദ്രങ്ങളുടെ പ്രവർത്തനം</u>

3832 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണൽ സംഭരണ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിലുള്ള സംഭരണ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ ശേഖരിച്ച് വിതരണം ചെയ്ത മണലിന്റെ വിശദവിവരം അറിയിക്കുമോ;

(ഡി) അംഗീകാരമില്ലാത്ത മണൽ സംഭരണ കേന്ദ്രങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) പുഴമണലും കരമണലും കലർത്തി വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി മട്ടിക്കല്ല് പൊടിച്ച് കൃത്രിമ മണൽ നിർമ്മിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(എഫ്) മട്ടിമണൽ ഉണ്ടാക്കുന്നതിനും വിൽക്കുന്നതിനും എതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡലത്തിലെ കരിമണൽ ഖനനം</u>

3833 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈക്കം നിയോജകമണ്ഡലത്തിന് കീഴിലുള്ള പ്രദേശങ്ങളിൽ കരിമണൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഓരോ പഞ്ചായത്തിലും എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ അനുമതി നൽകുമ്പോൾ പാരിസ്ഥിതിക ആഘാതം പരിഗണിക്കാറുണ്ടോ ;

(സി) പരിസ്ഥിതി സംബന്ധമായി മറ്റേതെങ്കിലും വകുപ്പുമായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കൂടിയാലോചിക്കാറുണ്ടോ ;

(ഡി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ അനുമതി നൽകിയ പ്രദേശങ്ങളിൽ എവിടെയൊക്കെ ഇപ്പോഴും ഖനനം നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഇ) ഖനനത്തിന് അനുമതി നൽകുമ്പോൾ നിബന്ധനകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ ;

(എഫ്) വൈക്കം നിയോജകമണ്ഡലത്തിൽ ഖനനം സംബന്ധിച്ച് നിബന്ധനകൾ പാലിക്കാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ജി) ഖനനപ്രദേശങ്ങളിൽ, പോലീസ്, റവന്യൂ വിഭാഗങ്ങളുമായി ചേർന്ന് സംയുക്തപരിശോധനകൾ നടത്താറുണ്ടോ ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വൈക്കം മണ്ഡലത്തിലെ പ്രദേശങ്ങളിൽ നടത്തിയ പരിശോധനകളെ സംബന്ധിച്ച് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**

**26.06.2012 -ലെ മറുപടിക്ക്**

**<u>കരിങ്കൽ ക്വാറികളുടെ പ്രവർത്തനം</u>**

**3834** **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**(എ)** **സംസ്ഥാനത്ത് മണ്ണ്, കരിങ്കൽ എന്നിവയുടെ ഖനനം സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ, മാർഗ നിർദ്ദേശങ്ങളോ, സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;**

**(ബി)** **എങ്കിൽ ആയവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;**

**(സി)** **കരിങ്കൽ ക്വാറികൾ നടത്തുന്നതിന് എത്രപേർക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും അവരുടെ ജില്ല തിരിച്ചുള്ള പേരുവിവരവും അവർ ഓരോരുത്തരും സർക്കാരിലേക്ക് 2011-12 റോയൽറ്റി ഇനത്തിൽ അടച്ചിട്ടുള്ള തുകയും വ്യക്തമാക്കുമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കൈത്തറി മേഖലയുടെ റിവൈവൽ, റിഫോം & റീസ്ട്രക്ച്ചറിംഗ് പാക്കേജ്**

3835 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ റിവൈവൽ, റിഫോം & റീസ്ട്രച്ചറിംഗിനുവേണ്ടി കേന്ദ്രസർക്കാർ 2011-12-ൽ പ്രഖ്യാപിച്ച 3884 കോടി രൂപയുടെ പാക്കേജിൽനിന്നും കേരളത്തിലെ കൈത്തറി വ്യവസായത്തിന് ഇതുവരെ എത്ര കോടി രൂപ ലഭ്യമാക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ ;

(ബി) നടപ്പ് വർഷം എത്ര കോടി രൂപ ഈ പദ്ധതിപ്രകാരം ലഭ്യമാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ഏതെല്ലാം ഇനങ്ങളിലായിട്ടാണ് ഈ തുക വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്നും കൂടി വെളിപ്പെടുത്താമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കൈത്തറി മേഖലയിലെ പ്രതിസന്ധി</u>

3836 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചായത്തിന്റെയും നൂലിന്റെയും വില വർദ്ധനവിന്റെ ഭാഗമായി കൈത്തറി മേഖലയിലുണ്ടായ പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>കണ്ണൂര്‍ ഹാന്റ്‍ലൂം ഡെവലപ്മെന്റ് കോര്‍പ്പറേഷന്റെ വാഹനങ്ങള്‍</u>

**3837** ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂരിലെ ഹാന്റ്‍ലൂം ഡെവലപ്മെന്റ് കോര്‍പ്പറേഷന് വേണ്ടി ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം എത്ര വാഹനങ്ങള്‍ വാങ്ങിയിട്ടുണ്ട്;

(ബി) എങ്കില്‍ ഏത് ആവശ്യത്തിനാണ് ഈ വാഹനങ്ങള്‍ ഉപയോഗിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കൈത്തറി ഉല്പന്നങ്ങൾക്ക് ഉൽസവകാല റിബേറ്റ്**

**3838 ശ്രീ. കെ. കെ. നാരായണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൈത്തറി ഉല്പന്നങ്ങൾക്ക് ഉത്സവകാലങ്ങളിൽ റിബേറ്റ് അനുവദിച്ച ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് എത്ര രൂപ സർക്കാർ നൽകുവാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>ഹജ്ജ് നയവുമായി ബന്ധപ്പെട്ട സുപ്രീംകോടതി കേസ്</u>

**3839** **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് നയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി പരിഗണിക്കുന്ന കേസിൽ കേരളത്തെ കക്ഷി ചേർത്തിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേരളത്തിന്റെ അഭിപ്രായം സ്വരൂപിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഹജ്ജ് നയവുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് കേരളം സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഹജ്ജ് സബ്സിഡി നിർത്തലാക്കണമെന്ന സുപ്രീംകോടതി വിധി**

3840 **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് സബ്സിഡി നിർത്തലാക്കണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമൂലം കേരളത്തിലെ സാധാരണക്കാരായ ഹാജിമാർക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാധാരണ യാത്രക്കാരിൽനിന്ന് വ്യത്യസ്തമായി ഹജ്ജ് യാത്രക്കാരിൽ നിന്ന് വർദ്ധിച്ച ടിക്കറ്റ് നിരക്കാണ് എയർ ഇന്ത്യ ഈടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സബ്സിഡി മൂലമുളള സാമ്പത്തിക നേട്ടം ലഭ്യമാകുന്നത് എയർ ഇന്ത്യയ്ക്കാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ഇ) സബ്സിഡി നിർത്തലാക്കുന്ന സാഹചര്യത്തിൽ യഥാർത്ഥ വിമാന നിരക്ക് ഹാജിമാർക്ക് ലഭ്യമാക്കുന്നതിലേയ്ക്കായി ആഗോളതലത്തിൽ വിമാന കമ്പനികളുടെ ഓപ്പൺ ടെണ്ടർ ക്ഷണിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**വഖഫ് ബോർഡ് നൽകുന്ന സ്കോളർഷിപ്പുകളും വിവിധ സാമൂഹ്യക്ഷേമ പദ്ധതികളും**

**3841 ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **1995 -ലെ വഖഫ് ആക്ട് പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് സംസ്ഥാനത്ത് വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത എത്ര വഖഫുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;**

(ബി) **പ്രസ്തുത തീയതിയ്ക്ക് ശേഷം 31.03.2012 വരെ പുതുതായി എത്ര വഖഫുകൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;**

(സി) **വഖഫ് ബോർഡ് വഴി ഇപ്പോൾ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികളും അതു ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വിശദീകരിക്കാമോ ;**

(ഡി) **ബോർഡ് വഴി നൽകിവരുന്ന സ്കോളർഷിപ്പുകൾ മതവിദ്യാർത്ഥി കൾക്കും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

### നോളഡ്ജ് സിറ്റി

3842 ശ്രീ. ടി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നോളഡ്ജ് സിറ്റി സ്ഥാപിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) വിവരസാങ്കേതിക വിദ്യയിൽ സംസ്ഥാനത്തിനുള്ള മുൻതൂക്കം പ്രസ്തുത പദ്ധതിയിൽ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഏതെല്ലാം മേഖലക്കാണ് പ്രസ്തുത പദ്ധതി മുഖേന മുന്നേറ്റം നടത്താൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുന്ന തൊഴിൽ അവസരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഐ. റ്റി. കമ്പനികളില്‍ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം**

3843 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, തേറമ്പില്‍ രാമകൃഷ്ണന്‍
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ഐ. റ്റി. കമ്പനികളില്‍ ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഏര്‍പ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കാനുണ്ടായ സാഹചര്യങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുകൊണ്ടുള്ള ഗുണങ്ങള്‍ എന്തൊക്കെയാണെന്നും ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**ഐ. ടി. സംരംഭങ്ങൾക്ക് സെസ്സ് പദവി**

3844 ശ്രീ. ജി. സുധാകരൻ
,, പി. റ്റി. എ. റഹീം
,, എസ്. ശർമ്മ
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. സംരംഭങ്ങൾക്ക് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ എന്തെല്ലാം വ്യവസ്ഥകൾക്കനുസൃതമായിട്ടാണ്; വിശദമാക്കുമോ;

(ബി) സെസ്സ് പദവി ലഭിച്ച ഒരു ഐ. ടി. സ്ഥാപനം ആ പ്രോജക്ടിന്റെ എത്ര ശതമാനം എത്ര സമയത്തിനകം പ്രാവർത്തികമാക്കേണ്ടതായിട്ടുണ്ട്; പ്രോജക്ട് പൂർണ്ണമായും നടപ്പാക്കുന്നതിന് സമയപരിധിയുണ്ടോ; വിശദമാക്കുമോ;

(സി) സ്മാർട്ട്സിറ്റി, സെസ്സ് തുടങ്ങിയ പദവി ലഭിച്ചതിനു ശേഷം ആദ്യത്തെ മൂന്ന്, നാല്, അഞ്ച് വർഷങ്ങൾക്കകം ഓരോ ഘട്ടത്തിലും പദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങളുടെ എത്രശതമാനം വീതമാണ് പൂർത്തിയാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) സെസ്സ് വ്യവസ്ഥയനുസരിച്ച് സ്മാർട്ട് സിറ്റിയിൽ എത്ര ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ. ടി. മന്ദിരം അഞ്ച് വർഷത്തിനകം പ്രവർത്തിപ്പിക്കേണ്ടതായിട്ടുണ്ട്; ഇതിനായി എത്രചതുരശ്ര അടി വിസ്തീർണ്ണമുള്ള മന്ദിരത്തിന്റെ നിർമ്മാണ പ്രവൃത്തിയാണ് ടീകോം ആരംഭിച്ചത്; വ്യക്തമാക്കുമോ;

(ഇ) സെസ്സ് പദവി ലഭിക്കേണ്ടത് സംബന്ധിച്ച് ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച നിർദ്ദേശം എന്താണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; അടിസ്ഥാന പദ്ധതിയിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം മാറ്റങ്ങളാണ് പുതിയ നിർദ്ദേശത്തിലുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**ഐ.ടി വികസന രംഗത്ത് നേടിയെടുക്കാനായ വളര്‍ച്ച**

3845 ശ്രീ. വി.എം.ഉമ്മര്‍ മാസ്റ്റര്‍
'' കെ.എം. ഷാജി
'' സി. മമ്മൂട്ടി
'' റ്റി.എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഐ.ടി വികസന രംഗത്ത് നേടിയെടുക്കാനായ വളര്‍ച്ച സംബന്ധിച്ച വിശദവിവരം നല്കാമോ;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് ഈ രംഗത്ത് ഉണ്ടാക്കിയ പ്രധാന നേട്ടങ്ങള്‍ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചു വര്‍ഷത്തിനിടെ (2007-08 മുതല്‍ 2011-12 വരെ)ഐ.ടി മേഖലയില്‍ നിന്നുള്ള പ്രതിവര്‍ഷ എക്സ്പോര്‍ട്ട് എത്രയായിരുന്നു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 26.06.2012 -ലെ മറുപടിക്ക്

**ഐ. ടി. മേഖലയിൽ നിക്ഷേപം നടത്തിയ കമ്പനികൾ**

**3846 ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യത്തിന്
വ്യവസായവും വിവരസാങ്കേതികവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ. ടി. മേഖലയിൽ എന്തു തുകയുടെ നിക്ഷേപമുണ്ടായെന്നും പ്രസ്തുത നിക്ഷേപം നടത്തിയ കമ്പനികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?**

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**എല്ലാ മണ്ഡലങ്ങളിലും ഐ.റ്റി. പാർക്ക്**

**3847 ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ടെക്നോപാർക്കിൽ എത്ര ഐ.റ്റി കമ്പനികൾ പുതുതായി പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലൂടെ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ മണ്ഡലങ്ങളിലും ഐ.റ്റി പാർക്ക് എന്ന ലക്ഷ്യം കൈവരിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**26.06.2012 -ലെ മറുപടിക്ക്**

**ഐ.ഐ.ഐ.റ്റി.എം.കെ-ന്റെ പുതിയ കാമ്പസ്സ്**

3848 **ശ്രീ. സി. പി. മുഹമ്മദ്**
**,, അന്‍വര്‍ സാദത്ത്**
**,, ഷാഫി പറമ്പില്‍**
**,, ഹൈബി ഈഡന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഐ.ഐ.റ്റി.എം.കെ -ന്റെ പുതിയ കാമ്പസ്സ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ബി) പ്രസ്തുത കാമ്പസ്സിന്റെ സവിശേഷതകള്‍ എന്തെല്ലാം;

(സി) പ്രസ്തുത കാമ്പസ്സിനെ വിദ്യാഭ്യാസ ഗവേഷണ വികസനപരിശീലന മേഖലകളിലെ ബിരുദാനന്തര തലത്തിലുള്ള മികവുറ്റ കേന്ദ്രമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>സി.ഡിറ്റിലെ അശാസ്ത്രീയ പുനർവിന്യാസം</u>

**3849** **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സി.ഡിറ്റിൽ എത്ര പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നറിയിക്കുമോ ; അവയുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) സി.ഡിറ്റിൽ നടത്തിയ അശാസ്ത്രീയമായ പുനർവിന്യാസം സി.ഡിറ്റിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുളള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**കോഴിക്കോട് സൈബർ പാർക്ക് പദ്ധതി**

3850 ശ്രീ. എളമരം കരീം
,, എ. പ്രദീപ്കുമാർ
,, കെ. ദാസൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൈബർ പാർക്ക് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; അതിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) സൈബർ പാർക്കിനായി എത്ര ഹെക്ടർ സ്ഥലം ഇതിനകം അക്വയർ ചെയ്തിട്ടുണ്ട് ; അവശേഷിക്കുന്ന അക്വിസിഷൻ എത്ര;

(സി) സൈബർ പാർക്കിൽ നിർമ്മാണം പൂർത്തിയാക്കിയതും, ആരംഭിച്ചിട്ടുളളതുമായ ഐ.ടി മന്ദിരങ്ങൾ എത്ര ചതുരശ്ര അടിയാണ് ;

(ഡി) സൈബർ പാർക്കിനകത്തെ യു. എൻ. സൈബർ പാർക്ക് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അതിന്റെ സെസ് പദവി ലഭിച്ച സ്ഥലത്ത് എത്ര ചതുരശ്ര അടി ഐ.ടി മന്ദിരം നിർമ്മിക്കാനാണ് പദ്ധതിയെന്നും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ; എന്നത്തേയ്ക്ക് പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും, പൂർത്തിയായാൽ എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്നും വ്യക്തമാക്കാമോ ;

(ഇ) കോഴിക്കോട് സൈബർ പാർക്കിനുളള മൊത്തം അടിസ്ഥാന സൗകര്യ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; അവയിൽ ഏതെല്ലാം പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുകയുണ്ടായി ; വെളളം വൈദ്യുതി, റോഡ് ഇവ ഉറപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

**അരീക്കോട് ഐ. റ്റി. പാർക്ക്**

3851 **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അരീക്കോട് ഐ. റ്റി. പാർക്കിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;**

(ബി) **ഇല്ലെങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായിയെന്നും വ്യക്തമാക്കുമോ?**

## കേരള നിയമസഭ
## 26.06.2012 -ലെ മറുപടിക്ക്

<u>പുറക്കാട് ഐ. റ്റി. പാർക്ക്</u>

3852 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഐ. റ്റി. പാർക്ക് തോട്ടപ്പള്ളിയിൽ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഐ. റ്റി. പാർക്ക് ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കുമോ;

(സി) ഐ. റ്റി. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. കെ. മുരളീധരൻ,
തിരുവനന്തപുരം സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂൺ 17.

“T” ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.